LACK OF HOSPITAL ACCOMMODATION AT RAMAVARMAPURAM

289. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യത്തിന്മേൽ ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) രാമവർമ്മപുരം ടെയിനിംഗ് സ്കൂളിൽ ഇക്കൊല്ലം എത്ര അദ്ധ്യാപകന്മാരും അദ്ധ്യാപികമാരും പരിശീലനം നടത്തിവരുന്നുണ്ട്;

(ബി) അവരിൽ അന്നാട്ടുകാരായി എത്രപേരുണ്ട്;

(സി) മറുനാട്ടുകാരായ അദ്ധ്യാപികമാർ എത്ര; അദ്ധ്യാപകന്മാർ എത്ര;

(ഡി) അവർക്ക് താമസസൌകര്യമുള്ള ഗവൺമെണ്ട് വക ഹോസ്റ്റലുകൾ ഉണ്ടോ;

(ഇ) താമസസ്ഥലങ്ങളുടെ അഭാവംമൂലം യുവതികളായ പല അദ്ധ്യാപികമാരും സ്കൂൾ കെട്ടിടത്തിൽതന്നെ കുറെ ദിവസം രാത്രികാലങ്ങളിൽ കഴിച്ചുകൂട്ടേണ്ടതായിവന്നുവെന്ന കേൾക്കുന്നതിൽ വല്ല പരമാർത്ഥവും ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അദ്ധ്യാപകന്മാർ ൧൭൫. അദ്ധ്യാപികമാർ ൨൪൨.

(ബി) ഏഴ് (൭).

(സി) അദ്ധ്യാപികമാർ ൨ ൪ ൦. അദ്ധ്യാപകന്മാർ ൧൩൫.

(ഡി) ഉവ്വ്. ഗവൺമെണ്ടിൽനിന്ന് വാടക കൊടുക്കുന്ന ൧൨ ഹോസ്റ്റലുകൾ ഉണ്ട്.

(ഇ) ഇല്ല.

TODDY AND ARRACK SHOPS—LOCATION OF

290. ചെയ്ധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടിപറയുമോ.—

കള്ള്—ചാരായം ഷാപ്പുകൾ റോഡരുകിൽനിന്നു ൪ ൦ വാര ഉള്ളിലോട്ട് മാറി സ്ഥാപിക്കണമെന്ന നിയമമില്ലേ; ഗവൺമെണ്ട് ഈ നിയമം പാലിക്കുന്നുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ:

കഴിവുള്ളത്ര അകലെ വേണമെന്നുണ്ട്. അത് പാലിക്കുന്നുമുണ്ട്.

RECEIPT OF LOANS—DETAILS REGARDING

291. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കോടശ്ശേരി റെയിഞ്ചർ മിസ്റ്റർ ഉണ്ണി മൂപ്പർ ഒരു കൺട്രാക്ടർ (സി. സി. മൊയ്തീൻ രാവുത്തർ അവർകൾ) പക്കൽനിന്നും ൨, ൦ ൦ ൦ ക. കടം വാങ്ങിയതു ആവശ്യപ്പെട്ടതിൽ മടക്കികൊടുക്കാതെ ഇരിക്കുന്നതുമായ വിവരങ്ങൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ബി) ഒരു ഗവൺമെണ്ടുദ്യോഗസ്ഥനു അതേ ഡിപ്പാർട്ട്മെണ്ടിൽ ജോലികൾ നടത്തിവരുന്ന ഒരു കൺട്രാക്ടർപക്കൽനിന്നും സംഖ്യ കടംവാങ്ങാമോ?

മിസ്റ്റർ സി. ഇ൪. ഇയ്യുണ്ണി:

(എ) ഇല്ല.

(ബി) ഒരിക്കലും പാടുള്ളതല്ല.

APPOINTMENT OF EX-SERVICE MEN BY THE S. S. BOARD

292. മിസ്റ്റർ കെ. കെ കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) എപ്ലോയ്മെൻഡ് എക്സ്ചേഞ്ച് ആപ്പീസ്സിൽ എത്രപേരുടെ പേരുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അവരിൽ ആകെ എത്രപേരെ പബ്ലിക്ക് സർവ്വീസിൽ നിയമിച്ചിട്ടുണ്ട്;

(സി) അവരിൽ സ്റ്റാഫ് സിലക്ഷൻ ബോർഡിൽനിന്നു നിയമിക്കപ്പെട്ടിട്ടുള്ളവർ എത്ര;

(ഡി) പട്ടാളത്തിൽ മിനിമം എത്രനാളത്തെ സർവ്വീസുള്ളവരെയാണ് ഇവിടെ സർക്കാർ ജോലികളിലേയ്ക്കു എടുക്കാവുള്ളതു?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൭,൩ @ ൭.
(ബി) ൯൩ ഫ.
(സി) @ ൭൦.
(ഡി) മിനിമം സപ്ലീസ് എത്ര വേണമെന്ന് ക്ലിപ്തപ്പെടുത്തിയിട്ടില്ല.

TRANSPORT—NATIONALISATION OF

293. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ട്രാൻസ്പോർട്ട് സപ്ലീസ് ഗവണ്മെണ്ടിൽനിന്നും നേരിട്ട നടത്തുവാൻ ഗവണ്മെണ്ട് തീരുമാനിക്കുകയുണ്ടായില്ലേ;

(ബി) അതനുസരിച്ച് ഗവണ്മെണ്ട് ഇതുവരെയായി എത്ര ചെയ്തിട്ടുണ്ട്;

(സി) ബസ്സ് സപ്ലിസുകൾ നാഷണലൈസ് ചെയ്യുന്നതിനെ സംബന്ധിച്ച ഗവണ്മെണ്ടിന്റെ നില എന്ത്?

റാവു ബഹദൂർ ടി. കെ. നായർ:

(എ, ബി, സി) ട്രാൻസ്പോർട്ട് സപ്ലീസ് ഗവണ്മെണ്ടിൽനിന്നും നേരിട്ട നടത്തുന്ന കാര്യം ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

CENTRAL FARM AT OLLUKKARA

294. മിസ്റ്റർ എം. കെ. വട്ടിസ്സ്: താഴെ പറയുന്ന ചോദ്യത്തിന് മറുപടി നൽകുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിന് ദയവുണ്ടാകുമോ.—

ഒല്ലുക്കര സക്കാർ ഫാറത്തിലെ Cattle Food Issue Register-ൽ സ്ഥലമുള്ളതിനാൽ ഫ്രഫ-ലെ ചിലവുകണക്കുകൾ ആ പുസ്തകത്തിൽ എഴുതുന്നതുകൊണ്ട് ഫ്രഫ-ലെ Cattle Food Issue Register കൌൺസിൽമേശപ്പുറത്തു വെക്കുന്നതിന് സാധ്യമല്ലെന്നും സെഷനു മുൻപ്-ാം നമ്പ്രായി മറുപടി ചേർത്തിരുന്നു. അത് ഇപ്പോൾ കൌൺസിൽ മേശപ്പുറത്തു വെക്കുന്നതിന് സൌകര്യപ്പെടുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

റജിസ്റ്ററുകൾ മേശപ്പുറത്തു വെച്ചിരിക്കുന്നു.

RESOLUTION OF THE FOOD ADVISORY COMMITTEE

295. **Mr. M. I. Paul** *(Narakkal)*: Will Government be pleased to state.—

how many resolutions have been adopted by the Food Advisory Committee, Cochin Division: and out of which how many resolutions have been put into practice by the Government; and what are those resolutions?

Mr. P. Govida Menon *(Minister for Food and Education)*:
18; 6.

1. Recommendation of the Committee to take up the distribution of cocoanut cake through the Food Supply Department.

2. Recommendation to purchase as much jaggery as possible since sugar is actually scarce.

3. Recommendation to stop the permit system for export of "ഉരുളൻ തേങ്ങ".

4. Recommendation to press the Government of India to take away the control of cocoanut oil and cocoanuts.

5. Recommendation to give preference to Co-operative Societies for distribution of cocoanut oil and oil cake.

6. Recomendation to utilise sugar gained by abolition of the Cochin Restaurants for increasing special issues, etc.

Note.—The above answer relates to the Food Advisory Committee convened in the year 1122 only.

LIBRARY ARCHIVES Kerala Legislative Assembly